# മധുരമായ കുട്ടികളേ - ബാബയിൽ നിന്ന് ജീവന്മുക്തിയുടെ സമ്പത്തെടുക്കുന്നതിന് വേണ്ടി മായയുടെ സർവ്വ ബന്ധനങ്ങളിൽ നിന്നും മുക്തമായി മാറൂ, ഇവിടുത്തെ ജീവന്മുക്തർ തന്നേയാണ് അവിടെ ജീവന്മുക്തീ പദവി നേടുന്നത്.

**ചോദ്യം:-** ഈ ജ്ഞാനത്തിന്റെ ബീജം അവിനാശിയാണ്, എങ്ങിനെ?
**ഉത്തരം:-** ഈ ജ്ഞാനത്തിലൂടെ സൂര്യവംശീ ചന്ദ്രവംശീ രാജധാനി സ്ഥാപിതമാകുന്നു, ആ രാജധാനി വളരെ വലുതാണ്, ആത്മാക്കൾ ഒരു തവണയെങ്കിലും ജ്ഞാനം കേട്ട് ഇടക്ക് വെച്ച് ഉപേക്ഷിച്ച് പോയാലും ശരി, അവർ വീണ്ടും അന്തിമത്തിൽ വന്ന് ചേരും, കാരണം അവർക്കും രാജധാനിയിൽ വരിക തന്നെ വേണം. ആരിലാണോ അൽപ്പമെങ്കിലും ജ്ഞാന ബീജം വീഴുന്നത് അവർ വന്ന് ചേരും. പോകാൻ സാധിക്കില്ല. ഈ കാര്യം തന്നെയാണ് ജ്ഞാനത്തെ അവിനാശിയാണെന്ന് തെളിയിക്കുന്നത്.

**ഗീതം:-** ഭോലാനാഥനിൽ നിന്നും അദ്ഭുതം.....

**ഓം ശാന്തി**. കുട്ടികൾ ഇപ്പോൾ തന്റെ ഭോലാനാഥനായ പ്രാണേശ്വരന്റെ സന്മുഖത്തിരിക്കുകയും നല്ല രീതിയിൽ മനസിലാക്കുകയും ചെയ്യുന്നു ഈ പരിധിയില്ലാത്ത അധികാരിയായ ഭോലാനാഥനിൽ നിന്ന് ഞങ്ങൾക്ക് വീണ്ടും സ്വർഗത്തിന്റെ സമ്പത്ത് ലഭിച്ച് കൊണ്ടിരിക്കുന്നു. ബുദ്ധി അവിടേക്ക് പോകുന്നു, ബാബയിലൂടെ തന്നെയാണ് ഞങ്ങൾ ബാബയുടെ വീട്ടിൽ പോകുന്നത്. ബാബ വിളിക്കാൻ വന്നിരിക്കുന്നു, പ്രിയതമൻ പ്രിയതമയെ വിളിക്കാൻ വരുന്നത് പോലെ. ഒരു പ്രിയതമൻ വന്ന് എല്ലാ പ്രിയതമകളേയും സുന്ദരമാക്കുന്നു. ആ പ്രിയതമന്റെ പേര് തന്നെയാണ് - പതിത പാവനൻ. എന്നാൽ കുട്ടികൾ ബാബയെ മറക്കുന്നു. ഈ മറവിയും ഡ്രാമയുടെ ഉള്ളിലുള്ളതാണ്. ബാബ വന്ന് എല്ലാ രഹസ്യവും മനസിലാക്കി തരുന്നു. നിങ്ങൾ ഭാഗ്യ നക്ഷത്രങ്ങളുടെ ഭാഗ്യം ബാബയേക്കാൾ ഉയർന്നതാണ്. ഏത് പോലെയാണോ ബാബ ബ്രഹ്മാണ്ഡത്തിന്റെ അധികാരിയാകുന്നത്, അതുപോലെ നിങ്ങളും ബ്രഹ്മാണ്ഡത്തിന്റെ അധികാരിയാണ്. നിങ്ങളും അച്ഛനാകുന്ന എന്നോടൊപ്പം കഴിയുന്നവരായിരുന്നു. പിന്നീട് നിങ്ങൾ കുട്ടികൾക്ക് പാർട്ടഭിനയിക്കേണ്ടി വരുന്നു. ഞങ്ങൾ വൈകുണ്ഠനാഥനാകുന്നതിന് വേണ്ടി ത്രിലോകീനാഥന്റെ അടുക്കൽ വന്നിരിക്കുന്നു എന്ന് നിങ്ങൾക്കറിയാം. ബാബ പറയുന്നു - കുട്ടികളേ, നിങ്ങളും ഈ സമയം ത്രിലോകീനാഥനാണ്, ഞാനും ത്രിലോകീനാഥനാണ്. പിന്നീട് സത്യയുഗം വരുമ്പോൾ നിങ്ങൾ അതിന്റെ നാഥനായി തീരുന്നു, ഞാനാകുന്നില്ല. ഞാൻ വരുന്നത് തന്നെ നിങ്ങളുടെ ആത്മാവിനെ രാവണന്റെ ദു:ഖത്തിൽ നിന്ന് മോചിപ്പിക്കുന്നതിനാണ്. രാവണനിൽ നിന്ന് നിങ്ങൾക്ക് വളരെ ദു:ഖം ലഭിച്ചു. ഡ്രാമയെ കുട്ടികൾ മനസിലാക്കി. ഇതിന് നാല് യുഗമല്ല, അഞ്ച് യുഗമാണ്. നാലെണ്ണം വലുത്, ഇടയിൽ ഒരു സംഗമയുഗം അധിയുഗമാണ്. ഈ ജ്ഞാനവും നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഇരിക്കേണ്ടതാണ് കാരണം നിങ്ങൾ ജ്ഞാനസാഗരന്റെ കുട്ടികളായി തീർന്നിരിക്കുന്നു. ഭക്തിമാർഗത്തിൽ ആ ജ്ഞാനസാഗരന്റെ മഹിമ ചെയ്ത് കൊണ്ടിരിക്കുന്നു. അങ്ങ് ജ്ഞാനസാഗരനാണ്, ശാന്തിസാഗരനാണ്. ഈ മഹിമ പിന്നീട് വൈകുണ്ഠനാഥനുണ്ടാകുന്നില്ല. എന്നാൽ - സർവ്വഗുണ സമ്പന്നൻ, 16 കലാസമ്പൂർണ്ണൻ... എന്ന് പറയുന്നു. ഈ കലിയുഗത്തിൽ ഉണ്ടാകുന്നില്ല, അതിനാൽ തീർച്ചയായും ആക്കി തീർക്കുവാൻ ആരെങ്കിലും വന്നിട്ടുണ്ടാകും. നിങ്ങൾ തന്നേയാണ് സ്വർഗത്തിന്റെ അധികാരിയാകുന്നത്. ബ്രഹ്മാ, വിഷ്ണു, ശങ്കരൻ ആരാണോ സൂക്ഷ്മവതനവാസികളായ ദേവതമാർ അവരേയും ദമ്പതിമാരായി കാണിച്ചിരിക്കുന്നു - പ്രവർത്തി മാർഗ്ഗം കാണിക്കുന്നതിന് വേണ്ടി. സ്വർഗവും ഇവിടെ തന്നെയാണ് ഉണ്ടാകുന്നത്. ബ്രാഹ്മണ വർണത്തിൽ നിന്ന് നിങ്ങൾ ദേവതാ വർണ്ണത്തിൽ വരുന്നു പിന്നീട് ക്ഷത്രിയ വർണ്ണത്തിൽ വരും.

സമർത്ഥരായ കുട്ടികൾ നല്ല രീതിയിൽ പഠിത്തത്തിൽ ശ്രദ്ധ കൊടുക്കുന്നു. അജ്ഞാന കാലത്തും കുട്ടികൾ ഉണ്ടാകുമ്പോൾ അവകാശി വന്നു എന്ന് മനസിലാക്കുന്നു. നിങ്ങളും മമ്മ ബാബ എന്ന് പറയുമ്പോൾ അവകാശികളാകുന്നില്ലേ. ഗാന്ധിജിയെ ബാപ്പുജീ എന്ന് പറഞ്ഞിരുന്നു, അതുപോലെ ഭാരതത്തിൽ വളരെ പേരെ മാതാ-പിതാ എന്ന് പറയുന്നു. വൃദ്ധരെ പിതാജി എന്ന് പറയുന്നു, കേവലം വിളിക്കാൻ മാത്രം പറയുന്നു. ഇതാണെങ്കിൽ എല്ലാവരുടേയും ബാപ്പുജി തന്നെയാണ്. പ്രാണേശ്വരൻ അർത്ഥം എല്ലാ ആത്മാക്കളുടേയും ഈശ്വരീയ പിതാവാണ്. അച്ഛൻ എന്ന് പറയുമ്പോൾ മനസ്സിൽ സമ്പത്തിന്റെ സന്തോഷം വരുന്നു. ആ തിളക്കം വരുന്നു. നിങ്ങൾ കുട്ടികൾക്കും നമ്പർവാർ പുരുഷാർത്ഥമനുസരിച്ച് ആ തിളക്കം

വരുന്നു. പരിധിയില്ലാത്ത അച്ഛൻ വന്ന് രാജയോഗം പഠിപ്പിക്കുന്നു. ബ്രഹ്മാ, വിഷ്ണു, ശങ്കരന് രാജയോഗം പഠിപ്പിക്കുക സാധ്യമല്ല. ഭഗവാനുവാച എന്നാണ്. ദേവീ–ദേവതമാർ ദൈവീക ഗുണമുള്ള മനുഷ്യരാണ്. പരമേശ്വരൻ എന്നാൽ ഗോഡ്ഫാദർ. ഭാരതത്തിലും പറയാറുണ്ട് – പരമപിതാ പരമാത്മാവ്, സുപ്രീം ഗോഡ്ഫാദർ, അപ്പോൾ ബുദ്ധി മുകളിലേക്ക് പോകുന്നു– കാരണം ബാബ മുകളിലിരിക്കുന്നു എന്നറിയാം. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം– ഞങ്ങളും അവിടെ വസിക്കുന്നവരാണ് എന്ന്. ഇപ്പോൾ നിങ്ങൾ ആ പ്രാണേശ്വരന്റെ സന്മുഖത്താണ് ഇരിക്കുന്നത്. ബാബ സന്മുഖത്തിരുന്ന് ഓർമ്മ ഉണർത്തുമ്പോൾ ഉറപ്പിക്കൂ– ഇത് ഏതോ സന്യാസി–മഹാത്മാവൊന്നുമല്ല, ഞങ്ങൾ മാതാ–പിതാവിന്റെ സന്മുഖത്തിരിക്കുകയാണ് എന്ന്. ഇപ്പോൾ ബാബയുടേതായോ? മാതാ–പിതാവിൽ നിന്ന് 21 ജന്മത്തേക്കുള്ള സമ്പത്തെടുക്കണം. നിശ്ചയമില്ലെങ്കിൽ എന്തിനാണ് ഇരിക്കുന്നത്. കാരണം വേണം. പരിചയമില്ലാതെ ആർക്കും ആരുടെ മുന്നിലും ഇരിക്കുക സാധ്യമല്ല. ലോകത്താണെങ്കിൽ പരസ്പരം പരിചയം ഉണ്ടായിരിക്കും – ഇത് സന്യാസിയാണ്, ഇത് ഗവർണറാണ്... ഇവിടെ ഈ ബാബ ഗുപ്തമാണ്. പരമപിതാ പരമാത്മാവ് പരംധാം നിവാസിയാണ് എന്ന് മനസിലാക്കുന്നതിനാൽ പിന്നെ സർവ്വവ്യാപി എന്ന കാര്യം വരുന്നേ ഇല്ല. ആത്മാവ് ഓർമ്മിക്കുന്നു – ഓ ഗോഡ്ഫാദർ. സ്വയം പരമാത്മാവാണെങ്കിൽ പിന്നെ വിളിക്കുന്നത് ആരേയാണ്. മനസിലാക്കേണ്ട കാര്യങ്ങൾ വളരെ കുറച്ചാണ്. എന്നാൽ മായ മനസിലാക്കാനേ സാധിക്കാത്ത രീതിയിൽ ആക്കി തീർക്കുന്നു. മുഖത്തിലൂടെ പറയുന്ന കാര്യങ്ങളിലൊന്നും വിശ്വാസം വരുന്നില്ല. മായ സംശയ ബുദ്ധിയാക്കി തീർക്കുന്നു. ഓ ഗോഡ്ഫാദർ എന്ന് വിളിക്കുന്നുമുണ്ട്, വീണ്ടും ഞാൻ തന്നേയാണ് ഫാദർ എന്ന് പറയുകയും ചെയ്യുന്നു അപ്പോൾ വിളിക്കുന്നതെന്തിന്. ഫാദർ എന്ന വാക്ക് മക്കൾ തന്നെയാണ് പറയുക. ഓർമ്മിക്കേണ്ടത് ഒരാളെ മാത്രം. ഇപ്പോൾ നിങ്ങൾ സന്മുഖത്തിരിക്കുന്നു. ഞങ്ങൾ പരമപിതാ പരമാത്മാവിന്റേതായി എന്ന് മനസിലാക്കുന്നു. ആ പരമാത്മാവിൽ നിന്ന് സമ്പത്തെടുക്കുന്നു. ഇനി മറക്കില്ലല്ലോ.

ബാബ പറയുന്നു – കുട്ടികളേ, അശരീരിയാകൂ, പവിത്രമാകൂ. ഞാൻ നിങ്ങളെ കൊണ്ട് പോകാൻ വന്നിരിക്കുന്നു. ദേവതമാരുടെ മുന്നിൽ പാടാറുണ്ട് – നിർഗുണ മാലയിലെ എന്നിൽ യാതൊരു ഗുണവും ഇല്ല. ദേവതമാരുടെ മഹിമ പാടുന്നു. സ്വയത്തെ നീചനും പാപിയുമെന്ന് മനസിലാക്കുന്നു. തീർച്ചയായും മുമ്പ് സമ്പൂർണ നിർവ്വികാരീ ലോകമായിരുന്നു. അതിനെ സ്വർഗ്ഗം ശിവാലയം എന്ന് പറഞ്ഞിരുന്നു. ശിവബാബ സ്ഥാപിച്ച സ്വർഗ്ഗം. ഭാരതവാസികൾ സ്വർഗ്ഗമുണ്ട് എന്ന് മനസിലാക്കുന്നു. എന്നാൽ ഭാരതം സ്വർഗ്ഗമായിരുന്നു, ആദി സനാതന ദേവീ –ദേവതമാർ രാജ്യം ഭരിച്ചിരുന്നു – ഇത് മറന്നു പോയി. ആരെങ്കിലും മരിച്ചാൽ സ്വർഗത്തിൽ പോയി എന്ന് പറയും. സ്വർഗം സത്യയുഗത്തിലാണ് ഉണ്ടാകുന്നത്. കലിയുഗത്തിൽ ഉണ്ടാകുന്നേ ഇല്ല. ഇപ്പോൾ പത്രങ്ങളിൽ എഴുതുന്നു – സ്വർഗ്ഗത്തിൽ പോയി എങ്കിൽ സ്വർഗ്ഗം എവിടെയാണെന്ന് നിങ്ങൾ ചോദിക്കൂ. പരംധാമിൽ പരമാത്മാവിന്റെ അടുക്കൽ പോയി, അത് തന്നേയാണ് സ്വർഗ്ഗം എന്ന് മനസിലാക്കുന്നു. അല്ലെങ്കിൽ നിർവ്വാണധാമിൽ പോയി എന്ന് പറയുന്നു, പിന്നെ പറയുന്നു ജ്യോതി ജ്യോതിയിൽ ലയിച്ചു എന്ന്. വാക്കുകളിൽ എത്ര വ്യത്യാസമുണ്ട്. അതിനെ ബ്രഹ്മ മഹത് തത്വം എന്ന് പറയുന്നു. ഇത് ആകാശ തത്വമാണ്. ഇതിനെ മഹത് തത്വം എന്ന് പറയില്ല. മഹത് തത്വം അതാണ് – ബ്രഹ്മമഹത് തത്വം, ബ്രഹ്മാണ്ഡം, അവിടെ നമ്മൾ ആത്മാക്കൾ അണ്ഡ സമാനം ഇരിക്കുന്നു. ബാബയും അവിടെ ഇരിക്കുന്നു.അതിനെ പരംധാം എന്ന് പറയുന്നു. അല്ലാതെ ബ്രഹ്മത്തിൽ ആർക്കും ലയിക്കാൻ സാധിക്കില്ല. സന്മുഖത്തിരിക്കുമ്പോൾ കുട്ടികൾക്ക് ധാരാളം പോയന്റുകൾ ലഭിക്കുന്നു. ഭക്തർ ഭഗവാനെ അന്വേഷിച്ച് കൊണ്ടേയിരിക്കുന്നു.

ആരാണ് ഭക്തിമാർഗത്തിൽ ഏറ്റവും കൂടുതൽ ഭക്തി ചെയ്യുന്നത് എന്ന് നിങ്ങൾക്കറിയാം. തീർച്ചയായും ആരാണോ ആദ്യം പൂജ്യരായിരുന്നത് അവർ തന്നേയാണ് ആദ്യം പൂജാരിയും ആകുന്നത്. ഇത് നിങ്ങൾ കുട്ടികൾ മാത്രമാണ് മനസിലാക്കുന്നത്. അങ്ങ് തന്നെ പൂജ്യൻ, അങ്ങ് തന്നെ പൂജാരീ എന്ന് പാടുന്നുമുണ്ട്. എന്നാൽ പരമാത്മാവായ ബാബ സ്വയം പൂജ്യ– പൂജാരിയാകുന്നു എന്നാണ് അവർ മനസിലാക്കുന്നത്. ഇത് തെറ്റാണ്. ബാബ വന്ന് കുട്ടികളെ ഉയർന്ന മഹിമക്ക് യോഗ്യരാക്കി തീർക്കുന്നു. എന്നാൽ എല്ലാവർക്കും സ്വർഗ്ഗത്തിന്റെ ജീവന്മുക്തി ലഭിക്കുന്നില്ല. എപ്പോൾ മായയുടെ ബന്ധനത്തിൽ നിന്ന് മുക്തമാകുന്നുവോ അപ്പോഴാണ് ജീവന്മുക്തി ലഭിക്കുന്നത്. ജീവന്മുക്തി എന്നാൽ മായയുടെ ബന്ധനത്തിൽ നിന്ന് മുക്തം. എല്ലാവരും സത്യയുഗത്തിൽ വരും എന്നല്ല. ആരാണോ രാജയോഗം പഠിക്കുന്നത് അവരാണ് സത്യയുഗത്തിൽ വരുന്നത്. ജ്ഞാനമാർഗത്തിൽ എത്ര ബന്ധനങ്ങളിൽ നിന്ന് മുക്തമാകേണ്ടതുണ്ട്. മീരക്ക് ഇങ്ങിനെയുള്ള യാതൊരു ബന്ധനങ്ങളും ഉണ്ടായിരുന്നില്ല. കൃഷ്ണനെ ലഭിക്കണം അതിനാൽ പവിത്രമാകും എന്ന് പറയുക മാത്രം ചെയ്തിരുന്നു. നിങ്ങൾക്ക് കൃഷ്ണപുരിയിൽ പോകണം. ആ മീരയായിരുന്നു ഭക്തശിരോമണി. ഏതൊരു വിജയമാലയാണോ പൂജിതമായി തീരുന്നത് ആ വിജയമാലാ ശിരോമണിയാണ് നിങ്ങൾ. ഭക്തരുടെ മാലയെ ആരും പൂജിക്കുന്നില്ല. ആരാണോ ഭാരതത്തെ

സ്വർഗമാക്കുന്നത് അവരുടെ മാലയാണ് പൂജിക്കപ്പെടുന്നത്. ഭക്തർ നിങ്ങൾ കുട്ടികളുടെ മാലയെ പൂജിക്കുന്നു. ആദ്യം രുദ്രമാല പിന്നീട് വിഷ്ണുവിന്റെ മാലയുണ്ടാക്കുന്നു. ആരുടെ മാലയാണ് ഉണ്ടാക്കുന്നത് എന്ന് ആർക്കും അറിയില്ല. വെറുതെ മാലയെ ഓർമ്മിക്കുന്നു. ഇപ്പോൾ നിങ്ങൾ ഭക്തരുടെ മാല സ്മരിക്കുകയില്ല, ഭക്തർ നിങ്ങളുടെ മാലയാണ് സ്മരിക്കുക. നിങ്ങൾക്കറിയാം– നമ്മുടെ വിജയമാല ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. പിന്നെ നാം തന്നെ സ്വയം പൂജാരിയായി മാറി മാല കറക്കും. നിങ്ങൾ രാജ്യവും ഭരിക്കും പിന്നീട് നിങ്ങൾ തന്നെ പോയി ഏറ്റവും ആദ്യം മാലയും കറക്കും. നിങ്ങളിൽ നിന്ന് തന്നെയാണ് പിന്നീട് മറ്റുള്ളവരും ഭക്തി പഠിക്കുന്നത്. നിങ്ങൾ വിശ്വത്തെ സ്വർഗമാക്കുന്നു.

ബാബ രാജയോഗം പഠിപ്പിക്കുന്നു – അതിന്റെ പേരാണ് ഗീത എന്ന് വെക്കുന്നത്. ധർമ്മശാസ്ത്രത്തിന് പേര് വേണമല്ലോ. ജ്ഞാനം പ്രായേണ ലോപിക്കുന്നു എന്നാൽ ശാസ്ത്രങ്ങൾ ഉണ്ടാക്കണമല്ലോ. ശാസ്ത്രം ഉണ്ടാക്കി അതിന്റെ പേര് ശ്രീമത് ഭഗവത് ഗീത എന്ന് വെച്ചു. ഭക്തിമാർഗത്തിന് വേണ്ടിയാണ് ഗീത ഉണ്ടാക്കിയിരിക്കുന്നത്. ആ ഗീത ജ്ഞാനമാർഗത്തിന് വേണ്ടിയല്ല. എത്ര ഗീതകൾ കേൾപ്പിച്ച് കൊണ്ടിരിക്കുന്നു ! നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു എന്ന് ഒരിക്കലും പറയുന്നില്ല. ഭഗവാൻ രാജയോഗം പഠിപ്പിച്ച് പോയി എന്ന് പറയുന്നു. പിന്നീട് അതിന്റെ ശാസ്ത്രം ഇരുന്ന് പഠിക്കുന്നു. ഇപ്പോൾ ഭഗവാനിലൂടെ സന്മുഖത്ത് ആ ഗീത കേട്ട് നമ്മൾ സ്വർഗത്തിന്റെ അധികാരിയാകുന്നു. ബാബ പറയുന്നു –ഞാൻ നിങ്ങൾ കുട്ടികളെ ഒരേയൊരു തവണ രാജയോഗം പഠിപ്പിച്ച് അതിലൂടെ രാജാക്കന്മാരുടേയും രാജാവാക്കുന്നതിന് വരുന്നു. സദ്ഗതി നൽകുന്ന ബാബ ഏത് വരെ വരുന്നില്ലയോ അത് വരെ ഭക്തിമാർഗത്തിന്റെ മഹിമ തീർച്ചയായും നടക്കുന്നു. ആരാണോ കൽപ്പം മുമ്പ് വന്നിരുന്നത് അവർ തന്നെ വന്ന് ഇത് കേൾക്കുന്നു. ഇനിയും ധാരാളം പേർ വരുന്നവരാണ്. സൂര്യവംശീ – ചന്ദ്രവംശീ രാജധാനി സ്ഥാപിതമാകുന്നു, അപ്പോൾ എത്ര പേർ വരും! അതിനാൽ ജ്ഞാനത്തിന്റെ വിനാശം ഉണ്ടാകുന്നില്ല. സമ്പന്ന പ്രജ, സാധാരണ പ്രജ, വേലക്കാർ –ഭൃത്യർ എന്നിവരെല്ലാം വേണ്ടേ! അതിനാൽ ജ്ഞാനത്തിന് വിനാശം ഉണ്ടാകുന്നില്ല. എത്ര വലിയ രാജധാനിയാണ് സ്ഥാപിതമാകുന്നത്! എങ്ങിനെയാണ് സത്യയുഗ രാജധാനി സ്ഥാപിതമാകുന്നത് എന്ന് മനുഷ്യർ അൽപ്പം പോലും മനസിലാക്കുന്നില്ല, ഇത് തിരിച്ചറിഞ്ഞു എങ്കിൽ കേൾപ്പിക്കുമായിരുന്നു. ബാബയെത്തന്നെ മറന്നിരിക്കുകയാണ്. നിരാകാരനായ ശിവഭഗവാൻ കേൾപ്പിച്ചു എന്നതിന് പകരം കൃഷ്ണ ഭഗവാനുവാച എന്ന് എഴുതി വെച്ചു. ശിവജയന്തിക്ക് ശേഷം ഉടൻ കൃഷ്ണജയന്തി വരുന്നു. ആ കൃഷ്ണൻ വൈകുണ്ഠനാഥനാണ്. ഈ ബാബയിരുന്ന് നിങ്ങളെ വൈകുണ്ഠനാഥനാക്കുന്നു. കൃഷ്ണനെ പിന്നീട് ദ്വാപരത്തിലേക്ക് കൊണ്ട് പോയി. ഭാരതത്തിന്റെ ജ്ഞാനത്തിന്റെ നൂൽ എത്ര കെട്ട് പിണഞ്ഞുപോയി.

ഇപ്പോൾ നല്ല രീതിയിൽ മനസിലാക്കി ജ്ഞാനസാഗരനാകണം. ഞാൻ എത്ര മാർക്കിൽ പാസായി എന്ന് നോക്കണം. ഇപ്പോൾ പാസായി എങ്കിൽ കൽപ്പ കൽപ്പാന്തരം പാസാകും. ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്ന് പഠിക്കണം. ഇങ്ങിനെ വൃദ്ധയും –വൃദ്ധനും ഭാര്യയും –ഭർത്താവും മരുമകളും എല്ലാം ഒരുമിച്ചിരുന്ന് പഠിക്കുന്ന സ്ഥലം വേറെ ഉണ്ടാകില്ല. ശാസ്ത്രവും ഇങ്ങിനെ പഠിപ്പിക്കുന്നില്ല. മാതാക്കളോട് നിങ്ങൾ ശാസ്ത്രം പഠിക്കേണ്ടതില്ല എന്ന് പറയും. പുരുഷന്മാരാണ് പണ്ഡിതരായി പഠിക്കുന്നത്. ഇവിടെ നോക്കൂ ആരെല്ലാം പഠിക്കുന്നു. എങ്ങിനെയുള്ള വൃദ്ധകളെല്ലാം വരുന്നു. അത്ഭുതം തന്നേയല്ലേ. ഗൃഹസ്ഥവ്യവഹാരത്തിൽ കമലപുഷ്പ സമാനം പവിത്രമായി ഇരുന്ന് രാജയോഗം പഠിക്കണം. ഗോഡ്ഫാദർലീ സ്റ്റുഡന്റാകണം. ഇതിന്റെ പേര് തന്നെ – ഈശ്വരീയ ബ്രഹ്മാ–കുമാർ കുമാരിമാരുടെ കോളേജ് എന്നാണ്. ഈശ്വരൻ ബ്രഹ്മാവിലൂടെ പഠിപ്പിച്ച് കൊണ്ടിരിക്കുന്നു. ബ്രഹ്മാവ് വിഷ്ണുവിന്റെ നാഭിയിലൂടെയൊന്നും വരുന്നില്ല. ഇത് പരമപിതാ പരമാത്മാവിന്റെ നാഭി എന്നാണ് പറയുന്നത്.ശിവബാബയല്ലേ ബീജരൂപം. ആ ശിവബാബയിൽ നിന്ന് ബ്രഹ്മാ, വിഷ്ണു, ശങ്കരൻ വരുന്നു. മൂന്ന് പേരുടേയും അർത്ഥം വേറെ വേറെയാണ്. ഇപ്പോൾ നിങ്ങൾക്കറിയാം– വിഷ്ണുവിന് ലക്ഷ്മിയെ കാണിക്കുന്നു. നര–നാരായണന്റെ മന്ദിരം ഉണ്ടെങ്കിൽ അവരെയും ചതുർഭുജരായി ഉണ്ടാക്കുന്നു. നാരായണൻ ഉണ്ടെങ്കിൽ തീർച്ചയായും കൂടെ ലക്ഷ്മിയും ഉണ്ടാകും. നര–നാരായണൻ, നാരി–ലക്ഷ്മീ. നര–നാരായണന് നാല് കൈകൾ നൽകുന്നു. നാരായണൻ വേറെ, ലക്ഷ്മിക്ക് വേറെ എങ്കിൽ രണ്ട് രണ്ട് കൈകൾ നൽകണം. ഇങ്ങിനെ നിയമപ്രകാരം ക്ഷേത്രങ്ങൾ ഉണ്ടാക്കണം. എന്നാൽ പാവങ്ങൾ നര–നാരായണന്റെ ക്ഷേത്രത്തെക്കുറിച്ച് ഒന്നും തന്നെ മനസിലാക്കുന്നില്ല. നര–നാരായണനോടൊപ്പം ലക്ഷ്മിയേയും കാണിക്കുന്നു. ദീപമാലയിൽ ലക്ഷ്മിയുടെ പൂജ ചെയ്യുന്നു. മാതാക്കൾക്ക് എത്ര മഹിമയുണ്ട്. അംബ വളരെ മധുരമായി ഇരിക്കുന്നു കാരണം കുമാരിയാണ്. ഇത് അധർകുമാരി ആണ്. കുമാരിമാർക്ക് ഭരതത്തിൽ വളരെ ബഹുമാനമുണ്ട്. എന്നാൽ മഹത്വം മനസിലാക്കുന്നില്ല. ജഗദംബക്ക് നല്ല ബഹുമാനമുണ്ട്. ബാബക്ക് അത്രയും ഇല്ല. ബാബയാണ് വന്ന് മാതാക്കളെ ഉയർത്തുന്നത്. അതുകൊണ്ട് ധൈര്യശാലി ആകണം, സിംഹപ്പുറത്ത് സവാരി ചെയ്യണം. അത്യാചാരങ്ങൾ ഉണ്ടാകും. എന്നാൽ ബാബയുടേതായി

എങ്കിൽ ഭൂമി പിളർന്നാലും ധർമ്മം വെടിയില്ല. പവിത്രമായി ഉയർന്ന പദവി തീർച്ചയായും നേടണം. മീരയും പവിത്രയായില്ലേ. ബാബ കുമാരിമാരോട് പറയുന്നു - പറയൂ, ഞങ്ങൾ പവിത്രമായി വൈകുണ്ഠത്തിലെ അധികാരിയാകാൻ ആഗ്രഹിക്കുന്നു.ശരി-

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) സത്യമായ അവകാശിയാകുന്നതിന് വേണ്ടി സമർത്ഥരാകണം, പഠിത്തത്തെ നല്ല രീതിയിൽ ധാരണ ചെയ്ത് ജ്ഞാനത്താൽ നിറവുള്ളവരാകണം. ബാബക്ക് സമാനം മഹിമാ യോഗ്യരാകണം.

2) വിജയമാലയിൽ ശിരോമണിയാകുന്നതിന് വേണ്ടി മായയുടെ ബന്ധനങ്ങളെ ഛേദിച്ച് കൊണ്ട് പോകണം വളരെ വളരെ ധൈര്യശാലിയായി തീർച്ചയായും പവിത്രമാകണം.

### വരദാനം:- ഇച്ഛകളാകുന്ന മൃഗതൃഷ്ണക്ക് പിറകെ ഓടുന്നതിന് പകരം സത്യമായ സമ്പാദ്യം ശേഖരിക്കുന്ന ഇച്ഛാമാത്രം അവിദ്യരായി ഭവിക്കൂ

പല കുട്ടികളും ചിന്തിക്കാറുണ്ട് അഥവാ എനിക്ക് ലോട്ടറി അടിക്കുകയാണെങ്കിൽ ഞാൻ യജ്ഞത്തിൽ സമർപ്പിക്കും. എന്നാൽ ഇങ്ങനെയുള്ള പണം യജ്ഞത്തിൽ ചേരില്ല. പലപ്പോഴും ഇച്ഛ സ്വയത്തിനായി രിക്കും ഉള്ളത് എന്നിട്ട് പറയുന്നു ലോട്ടറി അടിക്കുകയാണെങ്കിൽ സേവനം ചെയ്യും! എന്നാൽ ഇപ്പോഴത്തെ കോടിപതിയാകുക അർത്ഥം സദാ കാലത്തേക്കുള്ള കോടി നഷ്ടപ്പെടുത്തുക. ഇച്ഛകളുടെ പിറകെ ഓടുകയെന്നാൽ മൃഗതൃഷ്ണ പോലെയാണ് അതുകൊണ്ട് സത്യമായ സമ്പാദ്യം ശേഖരിക്കൂ.

### സ്ലോഗൻ:- വിഘ്നത്തെ വിഘ്നമെന്നതിന് പകരം കളിയാണെന്ന് മനസ്സിലാക്കി നടക്കൂ എങ്കിൽ കളിയിൽ കളിച്ചും ചിരിച്ചും വിജയിയാകും.